# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1050 10.08.2017 ൽ മറുപടിക്ക്

**പഞ്ചായത്ത് റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കൽ**

| ചോദ്യം<br>ശ്രീ.കെ.ഡി.പ്രസേനൻ | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാറുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ സർക്കാർ തീരുമാനമനുസരിച്ച് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കാറുണ്ട്. ഈ സർക്കാർ വന്നതിനു ശേഷം പൊതുമരാമത്ത് വകുപ്പ് റോഡുകളൊന്നും ഏറ്റെടുത്തിട്ടില്ല. |
| (ബി) ഗ്രാമീണ റോഡുകൾ ഏറ്റെടുക്കാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കുമോ ? | (ബി) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് അതാത് പഞ്ചായത്തുകളുടെ റെസല്യൂഷൻ ആവശ്യമാണ്. ടി റോഡുകൾ 8 മീറ്റർ വീതിയുള്ളതും കുറഞ്ഞത് 2 പഞ്ചായത്തുകൾ വഴി കടന്നുപോകുന്നതും 2 പൊതുമരാമത്ത് വകുപ്പ് റോഡുകളെ ബന്ധിപ്പിക്കേണ്ടതും റഗുലർ ആയി ബസ് സർവ്വീസ് ഉള്ളതും ആയിരിക്കണം. ഇക്കാര്യത്താൽ പുതുക്കിയ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ